(ബി) എങ്കിൽ ഇത് തടയുന്നതിന് സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശക്തമായ നടപികൾ സ്വീകരിക്കുന്നുണ്ട്.

(സി) വ്യാജമദ്യ നിർമ്മാണവും വിതരണവും തടയുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് ഒറ്റയ്ക്കും മറ്റ് വകുപ്പുകളുമായി ചേർന്നും റെയ്ഡുകൾ നടത്തുന്നുണ്ട്. കൂടാതെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും അസി. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. ഇതിനെല്ലാം പുറമേ വ്യാജമദ്യ നിർമ്മാണവും വിതരണവും തടയുന്നതിനായി ഒരു 12 ഇന പരിപാടിക്ക് രൂപം നൽകി സമയബന്ധിതമായി നടത്തിവരുന്നു.

വിജിലൻസ് സ്ക്വാഡുകളുടെ പ്രവർത്തനം സജീവമാക്കുവാൻ നടപടി

35 [3321] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ മദ്യത്തിന്റെ ഒഴുക്ക് തടയുന്നതിന് വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ഇതിന്റെ പ്രവർത്തനം ഊർജ്ജിതമായി നടക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും വിജിലൻസ് സ്ക്വാഡുകളുടെ പ്രവർത്തനം സജീവമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) എക്സൈസ് വകുപ്പിൽ പ്രത്യേകമായ വിജിലൻസ് സ്ക്വാഡ് നിലവിൽ ഇല്ല. എങ്കിലും അതാതു ജില്ലാ ആസ്ഥാനങ്ങളിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൺ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ടി വകുപ്പിലെ കഴിവ് തെളിയിച്ച ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തിക്കൊണ്ട് എക്സൈസ് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താനുള്ള ഒരു പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്.

വയനാട് ജില്ലയിലെ മദ്യഷാപ്പ് സമരം

36 [3322] പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ മദ്യഷാപ്പ് സമരത്തിന്റെ ഭാഗമായി 2-4-2003-ന് കൽപ്പറ്റ കളക്ടറേറ്റ് പടിക്കൽ നടത്തിയ സൂചനാ നിരാഹാര സമരം നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly